## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**

**നിയമസഭാ ചോദ്യം നമ്പർ : 37** 09.03.2015-ൽ മറുപടിക്ക്.

### കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഉമ്മർ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) കോടതിഭാഷ മലയാളത്തിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br><br>(ബി നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | : (എയും, ബിയും) കോടതിവ്യവഹാരഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് 19.12.2013 ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഔദ്യോഗിക ഭാഷാ ഉന്നതതല സമിതി വിപുലീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവനുസരിച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പുരോഗതി വിവരം സംബന്ധിച്ചുള്ള തുടർനടപടികൾ ആഭ്യന്തരവകുപ്പും, നിയമവകുപ്പും സ്വീകരിച്ചുവരികയാണ്. ടി സമിതിയുടെ ആദ്യയോഗം 12.05.2014-ൽ ചേരുകയും കേരള ഹൈക്കോടതിയുടെ കീഴിലുള്ള സിവിൽ/ക്രിമിനൽ കോടതികളിൽ വിധിന്യായം എഴുതുന്നത് സംബന്ധിച്ച് 1973 ൽ ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം ഫലപ്രദമായി പാലിക്കപ്പെടുന്നതിലേക്കായി ടി വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും തീരുമാനിച്ചിരുന്നു. എന്നാൽ 2014 ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ അടിയന്തിരമായി നിയമമാക്കുന്ന കാര്യം സജീവ പരിഗണനയിലായതിനാൽ 1973 ലെ വിജ്ഞാപനം പുതുക്കി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടില്ലാത്തതാണ്. |
| (സി) ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കോടതികൾക്ക് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | : (സി) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീം കോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമവകുപ്പിൽ സ്വീകരിച്ചുവരുന്നു. കീഴ്കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചു കൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Hema.V

സെക്ഷൻ ഓഫീസർ